# 'റെംബ്രാണ്ട്'

## ഡോ: കെ. ഭാസ്കരൻ നായർ

ചാക്കോ കള്ളക്കച്ചവടം കൊണ്ടാണു പണമുണ്ടാക്കിയതെന്നു പറയുന്നു. പക്ഷേ, അവന്റെ കള്ളമെല്ലാം ലോകം വളരെവേഗം മറന്നു. പണത്തിന്റെ കാര്യം മാത്രമേ എല്ലാവരും പിന്നെ ശ്രദ്ധിച്ചുള്ളു. ''നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടാപ്പണം വീട്ടിക്കൊള്ളും'' എന്നല്ലേ പറയുന്നതു്. ഏതായാലും ഒരു കാലത്തു, ''കരിഞ്ചന്തക്കാരൻ പോകുന്നു'', ''ഇവൻ ഈ പാപമെല്ലാം എവിടെ കൊണ്ടുചെന്നു തീർക്കുമോ!'' എന്നും മററും വിരലുചൂണ്ടി അവനെ ആക്ഷേപിച്ചിരുന്നവരെല്ലാം ഇന്നു ചാക്കോയുടെ ആരാധകന്മാരും ആപ്ത മിത്രങ്ങളുമായി. ഏതു പൊതുക്കാര്യം വന്നാലും ചാക്കോച്ചന്റെ പേരാണു് എല്ലാവരും ആദ്യം പറയുന്നതു്.

അവൻ അസൂയയും ആശാപാശങ്ങളും നശിച്ചു് ആപ്തകാമനായെന്നു് എല്ലാവരും വിചാരിച്ചു. അവനും അങ്ങനെ പലപ്പോഴും പറയാറുണ്ടായിരുന്നു. ''ഞാൻ മീൻ ചുമന്നുകൊണ്ടു നടന്നവനാണു്. എന്റെ മിടുക്കൊന്നുമല്ല. ഒടേതമ്പുരാൻ കണ്ണുതുറന്നു; അത്രതന്നെ''. അവനിങ്ങനെ സ്ഥാനത്തും അസ്ഥാനത്തും പറയുന്നതു് ആത്മാർത്ഥമായിട്ടല്ല; അവൻ മീൻ ചുമന്നിട്ടില്ല, ആദ്യംമുതൽക്കേ തേങ്ങാക്കച്ചവടമായിരുന്നു; പള്ളിയിലേക്കു് ഒരു മെഴുകുതിരിപോലും അവൻ കൊടുത്തിട്ടില്ല, കൊടുക്കുകയുമില്ല; ''അമ്പട! ഞാനേ'' എന്ന ഭാവമാണു് ഈ വാക്കുകൾക്കു പിന്നിലുള്ളതു്; എന്നൊക്കെ ചിലയാളുകൾ ദുർവ്യാഖ്യാനം ചെയ്യാറുണ്ടു്. പക്ഷേ, അതൊന്നും അവന്റെ പണക്കൊഴുപ്പിൽ ശോഭിച്ചില്ല. ചാക്കോ അങ്ങേയററത്തെ സംതൃപ്തിയനുഭവിച്ചു പരമാനന്ദത്തിൽ കഴിഞ്ഞു.

അങ്ങനെയിരിക്കുമ്പോഴാണു് ഒരു ഗ്രഹപ്പിഴയുണ്ടായതു്. വലിയ പത്രംവായനക്കാരനായ ഇളയ മകൻ ഒരു ദിവസം എല്ലാവരുംകൂടി അത്താഴം ഉണ്ടുകൊണ്ടിരിക്കുമ്പോൾ അന്നുവായിച്ച ഒരു വിശേഷവാർത്തയെപ്പററി ആവേശത്തോടെ സംസാരിച്ചു. യൂറോപ്പിൽ റെംബ്രാണ്ടു് എന്നൊരു ചിത്രകാരൻ വരച്ച എണ്ണച്ഛായ ചിത്രം ആരോ 40 ലക്ഷം ഡോളർ വിലകൊടുത്തു വാങ്ങിച്ചിരിക്കുന്നു എന്നാണു് അവൻ പറഞ്ഞതു്.

ചാക്കോ— ''40 ലക്ഷം ഡോളറെന്നു പറഞ്ഞാൽ രൂപാക്കണക്കിൽ എത്ര വരും മോനേ?''

മകൻ— ''ഒരു ഡോളറിനു് ഇപ്പോഴത്തെ നിരക്കു് ഏഴര രൂപയാണു്. അപ്പോൾ 300 ലക്ഷം രൂപ — മൂന്നു കോടി.

ചാക്കോ— (ഒരു ഞെട്ടലോടെ) ''ഒരു പടത്തിനോ?''

മകൻ— ''ഓ!''

ചാക്കോ— ''നീ പോടാ വെറുതെ കെട്ടുകഥ പറയാതെ''.

മകൻ— ''അല്ല; ഉള്ളതാ അപ്പച്ചാ''.

ഊണു കഴിഞ്ഞു ചാക്കോ മകനെ



Digitized by Kerala Sahitya Akademi



കൊണ്ടു പത്രമെടുപ്പിച്ചു പ്രസ്തുത റിപ്പോർട്ടു മുഴുവനും വായിപ്പിച്ചു തർജ്ജമ ചെയ്തു കേട്ടു. പിന്നെ ഒരക്ഷരം മിണ്ടിയില്ല. അന്നുരാത്രി ഉറങ്ങിയുമില്ല. ''റെമ്റാണ്ട്'', ''റെമ്റാണ്ട്'', എന്നു പറഞ്ഞുകൊണ്ടു തിരിഞ്ഞും മറിഞ്ഞും കിടന്നു നേരം വെളുപ്പിച്ചു.

അന്നു തുടങ്ങിയതാണു ചാക്കോയുടെ ദുഃഖം. എന്നാലും ഒരു പടത്തിനു മൂന്നുകോടി രൂപ കൊടുക്കാൻ ആളുണ്ടല്ലോ! ഇക്കണക്കിന് ആ റെമ്റാണ്ട് എന്നു പറഞ്ഞവൻ എത്രകോടി രൂപ സമ്പാദിക്കും! അവൻ ഇതെല്ലാംകൂടി എന്തു ചെയ്യുന്നോ? ഒരു പടം വരയ്ക്കാൻ ഏറി വന്നാൽ എത്ര ദിവസം വേണം? പത്തു ദിവസം! അല്ലെങ്കിൽ ഒരു കൊല്ലമാകട്ടെ. 365 ദിവസം. എന്നാലോ? ഇവിടെ ഈ ഞാൻ അൻപതു കൊല്ലം ഈ പെടാപ്പാടു പെട്ടിട്ടല്ലേ നാലഞ്ചു ലക്ഷം ഉണ്ടാക്കിയത്. അയാൾക്കോ? ഇരിക്കണം, വരയ്ക്കണം, അത്രതന്നെ. എന്നാലും ദൈവം ഇങ്ങനെ ചെയ്യുന്നതു കുറെ കടുപ്പംതന്നെ.

ഇങ്ങനെ കാണുകയോ, അതിനു മുമ്പു കേൾക്കുകപോലുമോ ചെയ്തിട്ടില്ലാത്ത ഏതോ രാജ്യക്കാരൻ ഒരു പടമെഴുത്തുകാരനെപ്പറ്റി ചിന്തിച്ചു പാവം ചാക്കോ മഹാദുഃഖം അനുഭവിച്ചു. ഈ പടം വരപ്പു വിദ്യയുടെ രഹസ്യം ഒന്നു മനസ്സിലാക്കിയാൽ കൊള്ളാമെന്നു വലിയ ആഗ്രഹം തോന്നി. പക്ഷേ, എങ്ങനെയാണു മറ്റുള്ളവരോടു ചോദിക്കുന്നത്? സ്വന്തം പുത്രനോടുപോലും അക്കാര്യം പറയാൻ മടിച്ചു. അവൻ കളിയാക്കുവാൻ മുതിരുകയില്ലെങ്കിലും മനസ്സിൽ എന്തു വിചാരിക്കും? നല്ല അക്ഷരത്തിൽ എഴുതാൻപോലും കഴിവില്ലാത്ത താൻ ചിത്രമെഴുത്തിനെപ്പറ്റി സംസാരിക്കാൻ തുടങ്ങിയാൽ ആളുകൾക്കു ചിരി വരികയില്ലേ?

എന്നാലും അതിശയംതന്നെ. ഈ റെമ്റാണ്ടിനും രണ്ടു കൈയും രണ്ടു കണ്ണുമല്ലേ ഉള്ളൂ. അതുപയോഗിച്ചുതന്നെ ആയിരിക്കണമല്ലോ വരയ്ക്കുന്നത്. അല്ലാതെ ഇതിൽ ഗൂഢവിദ്യവല്ലതുമുണ്ടോ? അതിൽ കള്ളപ്പണത്തിന്റെയോ കരിഞ്ചന്തയുടെയോ കള്ളനോട്ടിന്റെയോ ഇടപാടുകളൊന്നും ഉണ്ടെന്നു പറയാനില്ല. പരസ്യമായി ലേലം വിളിച്ചാണു പടം വിറ്റതെന്നു മകൻ പറഞ്ഞു. ഫാക്ടറിക്കാരുടെ സമ്പ്രദായത്തിൽ ഒരുപാടു സാധനങ്ങൾ തുരുതുരാ ഉണ്ടാക്കി, നിരന്തരം കയറ്റി അയച്ചു, ലോകമാകെ വിറ്റഴിച്ച് 'ആയിരം മാഹാണി അറുപത്തിരണ്ടര' എന്ന കണക്കിൽ ലാഭമുണ്ടാക്കിയതുമല്ല. ഒരേ ഒരു പടമേ ഉണ്ടായിരുന്നുള്ളുവത്രേ. അതിനുവേണ്ടിയാണു ലേലത്തിൽ പിടിയും വലിയും നടന്നത്.



Digitized by Kerala Sahitya Akademi



ഇതു കറ കടന്ന കൈയാണു്. ഒരു പടത്തിനു മൂന്നുകോടി രൂപ! മഹാരാജാക്കന്മാർക്കില്ലല്ലോ ഇത്രയും പണം! പണ്ടാർക്കോ കോഴിമുട്ടയോളമുള്ള വൈരക്കല്ലു് കിട്ടിയെന്നും അതിനിങ്ങനെ കോടിക്കണക്കിൽ വില കിട്ടിയെന്നും കേട്ടിട്ടുണ്ടു്. അതു മനസ്സിലാക്കാം. ദൈവം സൃഷ്ടിച്ച ഒരു അദ്ഭുത സാധനം. തലയിൽ സ്വർണ്ണനാരായം കൊണ്ടു് എഴുതിയതനുസരിച്ചു് ഏതോ ഭാഗ്യശാലിക്കു് അതു കിട്ടി. റിക്ഷാക്കാരനും തൂപ്പുകാരനും മററും ഭാഗ്യക്കുറി കിട്ടുന്നില്ലേ? അതിൽ എന്തോന്നിത്ര പറയാനിരിക്കുന്നു! ഇതു് അങ്ങനെയാണോ? സ്വന്തം കൈകൊണ്ടു ജോലി ചെയ്തു് ഒററയടിക്കു് ഇത്രയും പണമുണ്ടാക്കുകയോ? റെമ്‌റാണ്ടായാലും ആരായാലും അതു സഹിക്കുന്നതെങ്ങനെ?

അവനെ ഒന്നു കണ്ടെങ്കിൽ നേരിട്ടു ചോദിച്ചുകളയാമെന്നുപോലും തോന്നുകയാണു്—എന്താണു് ഇതിന്റെ കള്ളം? ഞാൻ മൽസരിക്കാനൊന്നും വരുന്നില്ല. എന്നാലും അറിഞ്ഞിരിക്കട്ടെ. ഞങ്ങളുമൊക്കെ ഈ ലോകത്തു ജീവിക്കുകയാണല്ലോ. ചോര നീരാക്കി അദ്ധ്വാനിക്കുകയും ചെയ്യുന്നു. എന്നിട്ടും ഇതിന്റെ ഒരംശം ഉണ്ടാക്കുവാൻ കഴിയുന്നില്ല. എന്തോ കള്ളമുണ്ടെന്നു തീർച്ചയാണു്. ഇല്ലെന്നു പറഞ്ഞാൽ ഈ ചാക്കോ വിശ്വസിക്കുകയില്ല. ഈ പണം എന്ന സാധനം മരത്തിൽ വിളയുന്നതല്ല. മണ്ണിൽനിന്നു കുഴിച്ചെടുക്കുന്നതുമല്ല.

ഈ ചിന്തകൾ ചാക്കോയുടെ മനസ്സിനെ സദാ വ്യാകുലമാക്കി. ഉപജീവനത്തിനു മുട്ടില്ലാത്തതുകൊണ്ടു് അവനു് അതുമൂലം വിഷമങ്ങളൊന്നും ഉണ്ടായില്ല. എന്നാലും മനസ്സിന്റെ ശാന്തി നശിച്ചു. എപ്പോഴും 'റെമ്‌റാണ്ടി'നെക്കുറിച്ചുള്ള വിചാരം തന്നെ. ആരോടും മനസ്സു തുറന്നു പറയാനും നിവൃത്തിയില്ല. എന്തൊരു ദുഃഖമാണെന്നു് ആലോചിച്ചു നോക്കുക. ചില ദിവസങ്ങളിൽ ഈ വിചാരം മുറുകിമുറുകി തന്നെപ്പററിയുള്ള പരിതാപത്തിൽ ചെന്നെത്തും. തന്നെക്കൊണ്ടു് എന്തിനുകൊള്ളാം? ഭാഗ്യവാനാണെന്നു് എല്ലാവരും പറയുന്നു. മുൻപൊക്കെ, അതു ശരിയായിരിക്കാമെന്നു തോന്നിയിട്ടുണ്ടു്. പക്ഷേ, ഇപ്പോൾ നോക്കിയിട്ടു് അതിലെങ്ങും ഒരർത്ഥവും ഇല്ലെന്നു ബോദ്ധ്യമാകുന്നു. ഇതു് എന്തോന്നു ഭാഗ്യം? റെമ്‌റാണ്ടിന്റെ ഭാഗ്യമല്ലേ ഭാഗ്യം? ഒരു പടത്തിനു മൂന്നു കോടി രൂപ. ഒററയടിക്കു്.

തനിക്കു് അങ്ങനെയൊരു ഭാഗ്യമുണ്ടായാൽ എന്തു ചെയ്യുമെന്നും ചിലപ്പോൾ ചാക്കോ ആലോചിക്കുകയുണ്ടായി. അപ്പോൾ അല്പമൊരു ആത്മവിശ്വാസവും ധൈര്യവും തോന്നും. അത്രയും പണം കൈയിൽ വന്നാൽ കാണാം ചാക്കോയുടെ മിടുക്കു്. ഒരു റെമ്‌റാണ്ടിനും തന്നെ തോല്പിക്കുവാൻ സാധിക്കുകയില്ല. അതിന്റെ പോരെല്ലാം ചാക്കോയ്ക്കറിയാം. പക്ഷേ, ഈ ആത്മവിശ്വാസമെല്ലാം ക്ഷണംകൊണ്ടു മാറും. വീണ്ടും ഭഗ്നാശനാകും. ''പെററാൽ അഞ്ഞാഴി കറക്കാം. പക്ഷേ, പെറുകയില്ലല്ലോ!'' എന്തൊരു കഷ്ടമാണിതു്!

ചാക്കോയുടെ ഈ ദുഃഖം എത്രയോ വർഷം നീണ്ടുനിന്നു. അതിനിടയ്ക്കു് ഇളയ മകൻ പഠിച്ചു മിടുക്കനായി ഒരു കൊല്ലത്തെ പരിശീലനത്തിനു് അമേരിക്കയിൽ പോയി. അവന്റെ എഴുത്തുകളിൽ 'റെമ്‌റാണ്ടി'നെപ്പററി വല്ല പരാമർശവും കാണുമെന്നു ചാക്കോ പ്രത്യാശിച്ചു. അങ്ങനെ വല്ലതും വന്നാൽ അതിന്മേൽ പിടിച്ചു കൂടുതൽ വിവരങ്ങൾ അന്വേഷിക്കാം എന്നു് ഉദ്ദേശിച്ചിരുന്നു. പക്ഷേ, ഒന്നും കണ്ടില്ല. അവൻ നയാഗ്രാ വെള്ളച്ചാട്ടത്തെപ്പററിയും, നൂറു നിലയുള്ള കെട്ടിടങ്ങളെപ്പററിയും, കാറുകളുടെ ബാഹുല്യത്തെപ്പററിയും മററുമാണു് എഴുതിയതു്. അങ്ങോട്ടു് എഴുതാമോ എന്നു് ഒന്നുരണ്ടു പ്രാവശ്യം ആലോചിച്ചു. പക്ഷേ, മകന്റെ ദൃഷ്ടിയിൽ വിഡ്ഢിയാകുമോ എന്ന ഭയം അപ്പോഴും വിലക്കി.

ഏതായാലും അവൻ മടങ്ങിവന്നു് ഏതാനും ദിവസം കഴിഞ്ഞു, പണ്ടത്തെപ്പോലെ എല്ലാവരുംകൂടി അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ ചാക്കോ ധൈര്യമവലംബിച്ചു ചോദിച്ചു:



Digitized by Kerala Sahitya Akademi

# യഥാർത്ഥ നേതൃത്വം



തനിക്കുശേഷം കാര്യങ്ങൾ ഏറ്റെടുത്തു മുമ്പോട്ടു കൊണ്ടുപോകാനുള്ള സന്മനസ്സും ബോദ്ധ്യവും മററുള്ളവരിൽ അവശേഷിപ്പിക്കുന്നവനാണു യഥാർത്ഥ നേതാവ്.

—ലിപ്മാൻ.

ഒരാൾ നേതൃത്വത്തിന്റെ സോപാനത്തിൽ കൂടുതൽ ഉയരുന്തോറും, അയാളുടെ വിജയത്തെ കൂടുതലായി അളക്കുന്നതു്, അയാൾക്കു തന്റെ താഴെയുള്ളവർക്കു മാർഗ്ഗദർശനം നൽകാനുള്ള കഴിവിനെ കണക്കിലെടുത്താണു്.

—കോർസോൺ.

ഒരു നല്ല നേതാവു് മററുള്ളവരെ അവർക്കു തന്നിലുള്ള വിശ്വാസംകൊണ്ടു പ്രചോദനം കൊള്ളിക്കുന്നു; ഒരു മഹാനായ നേതാവു മററുള്ളവരെ, അവർക്കു് അവരിൽത്തന്നെയുള്ള വിശ്വാസംകൊണ്ടു പ്രചോദനം കൊള്ളിക്കുന്നു.

—ബ്രൌവർ.

ഒരു നല്ല നേതാവു്, കോട്ടങ്ങൾ വരുമ്പോൾ തന്റെ ഓഹരിയിൽ കൂടുതലും, നേട്ടങ്ങളിൽ തന്റെ വിഹിതത്തിൽ കുറവും ഏറെറടുക്കുന്നു.

—ഗ്ലാസ്ഗൌ.

ആജ്ഞാപിക്കാതിരിക്കുക; ബോദ്ധ്യപ്പെടുത്തുക. —അജ്ഞാതനാമാവു്.

ജനങ്ങളാൽ നയിക്കപ്പെടുന്നതിൽ വിശ്വസിക്കുന്നവൻ എപ്പോഴും ജനക്കൂട്ടത്തിന്റെ പിറകിൽച്ചെന്നേ അവസാനിക്കൂ. —ബാററിസ്റ്റാ.

മററുള്ളവർക്കു ചെയ്യാൻ ഇഷ്ടമില്ലാത്തതു് അവരെക്കൊണ്ടു ചെയ്യിക്കുകയും അവരെ അതിൽ ഇഷ്ടമുള്ളവരാക്കിത്തീർക്കുകയും ചെയ്യുന്നവനാണു യഥാർത്ഥ നേതാവു് എന്നു ചരിത്രത്തിൽനിന്നു ഞാൻ പഠിച്ചു. —ട്രൂമാൻ.

ഒരു നേതാവിന്റെ കരങ്ങൾ പരിശുദ്ധമായിരിക്കണം.

—നെപ്പോളിയൻ.

''നീ യൂറോപ്പിലും പോയെന്നു പറഞ്ഞല്ലോ. അവനെക്കണ്ടോ?''

മകൻ— ''ആരേ, അപ്പച്ചാ?''

ചാക്കോ— ''ആ റെമ്റാണ്ടിനെ?''

മകൻ— ''ഏതു റെമ്റാണ്ടു്?''

ചാക്കോ ആ പഴയ ചരിത്രം അനുസ്മരിപ്പിച്ചു. മകൻ ആ കഥയെല്ലാം മറന്നുപോയിരുന്നു. ചാക്കോ പറഞ്ഞു:

''നീ പറഞ്ഞ അദ്ഭുതങ്ങളെക്കാൾ അദ്ഭുതമായി ഞാൻ ഇന്നും അതാണു മനസ്സിൽ കാണുന്നതു്. എങ്കിലും നീ അവനെയൊന്നു കണ്ടില്ലല്ലോ! ഒരു പടമെങ്കിലും കണ്ടോ?''

മകൻ— ''ഇരിക്കാൻ പോലും ഇട കിട്ടാതെ ഓടിനടക്കുന്നതിനിടയ്ക്കു് പടം കാണാൻ എവിടെ സമയം? അയാളെ എങ്ങനാ അപ്പച്ചാ കാണുന്നതു്. മരിച്ചിട്ടു മുന്നൂറു കൊല്ലമായി''.

ചാക്കോ (അന്തംവിട്ടു്, അരിശത്തോടെ) —''നിനക്കിതു് അന്നേ പറഞ്ഞു കൂടായിരുന്നോ? ചത്താൽ പിന്നെ പണമെന്തിനു്?''





Digitized by Kerala Sahitya Akademi